(സി) ധനകാര്യ വകുപ്പ്, കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി., എൻ.ഐ.സി., എസ്.ബി.ഐ., എസ്.ബി.റ്റി., ഐ.റ്റി. വകുപ്പ് എന്നിവരുടെ സഹായത്തോടുകൂടിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

(ഡി) 1. മാനുവൽ പരിഷ്കരണത്തിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

2. എൻ.ഐ.സി.-യുമായി സഹകരിച്ച് 'PRICE' സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തു. ഈ വർഷം തന്നെ എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ദേശീയനിലവാരത്തിൽ ഉയർത്തുന്നതിനായി ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

4. കെ.എസ്.റ്റി.പി.-യുടെ ഭാഗമായി റോഡ് സേഫ്റ്റി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം പ്രകാരം 'VICROADS' എന്ന അന്താരാഷ്ട്ര കൺസൾട്ടിങ്ങ് ഏജൻസി, റോഡ് സുരക്ഷയെ സംബന്ധിച്ച് ട്രെയിനിംഗ് നൽകിവരുന്നു.

5. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനു ക്വാളിറ്റി കൺട്രോൾ വിഭാഗം രൂപീകരിച്ചുവരുന്നു.

6. ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യയും മറ്റും ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നുണ്ട്. കേന്ദ്രീകൃത പരിശീലനത്തിനായും പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി

220 (3971) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പുതുതായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് പരമാവധി ബി.എം. & ബി.സി. പ്രതലമാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് നിശ്ചിത കാലയളവിലേക്കുള്ള ഗ്യാരണ്ടിയും നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും, 1200 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ദേശീയപാതകളായ എൻ.എച്ച്. 47-ഉം, എൻ.എച്ച്. 17-ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് 5 ദേശീയപാതകളായ എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

റോഡ് വികസനത്തിന് സ്വീകരിച്ച നടപടികൾ

221 (3972) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള അങ്ങാടിക്കൽ-അയിനികളം-തോട്ടമുക്ക്-കരിശ്ശുംമൂട് റോഡ് വികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly